# 4. വിശുദ്ധ ജോൺ ബർക്കുമൻസ്

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | അൾത്താരയുടെ അരികിൽ ജീവിതകാലം മുഴുവൻ ആഹ്ളാദത്തോടെ ചെലവഴിച്ച വിശുദ്ധൻ | വിശുദ്ധ ജോൺ ബർക്കുമൻസ് |
| 2 | ജോൺ ബർക്കുമൻസ് ജനിച്ചതെവിടെ | ബൽജിയത്തിലെ ലൂവെയിൻ എന്ന നഗരത്തിനു സമീപമുള്ള ഡ്രീസ്റ്റ് എന്ന ചെറിയ പട്ടണത്തിൽ. |
| 3 | ജോൺ ബർക്കുമൻസ് ജനിച്ചതെന്ന് | 1599 മാർച്ച് 13 ന് |
| 4 | ജോൺ ബർക്കുമൻസിന്റെ ഏറ്റവും വലിയ ആഗ്രഹം എന്തായിരുന്നു. | ഒരു വൈദികനാകുക എന്നത് |
| 5 | ജോൺ ബർക്കുമൻസ് ഹൈസ്ക്കൂൾ പഠനവും കോളേജ് വിദ്യാഭ്യാസവും നടത്തിയത് എവിടെ. | മെക്‌ലിൻ എന്ന സ്ഥലത്ത് |
| 6 | ജോൺ ബർക്കുമൻസ് ഈശോ സഭാ നോവിഷ്യേറ്റിൽ ചേർന്നതെന്ന് | 1616 സെപ്തംബർ 24–ാം തീയതി |
| 7 | ജോൺ ബർക്കുമൻസിന് സന്യാസവസ്ത്രം ലഭിച്ച ദിവസം അവൻ തന്റെ ഡയറിയിൽ എഴുതിയതെന്ത്? | എനിക്കൊരു വിശുദ്ധനാകണം. അതിനുവേണ്ടി ഞാൻ നിയമങ്ങൾ അനുസരിക്കും. എന്തും ഭംഗിയായി നിർവ്വഹിക്കും. |
| 8 | ജോണിന്റെ സന്തോഷമുള്ള പ്രകൃതം കൊണ്ട് കൂട്ടുകാർ അവനെ വിളിച്ചിരുന്ന പേരെന്ത്? | ബ്രദർ ജോയ്ഫുൾ |
| 9 | ജോൺ ബർക്കുമൻസിന്റെ കുടുംബത്തെക്കുറിച്ച് ചുരുക്കി എഴുതുക. | സൽസ്വഭാവിയും കഠിനാദ്ധ്വാനിയുമായിരുന്ന ഒരു ചെരുപ്പുകുത്തിയായിരുന്നു പിതാവ്. മാതാപിതാക്കളും രണ്ടു സഹോദരങ്ങളുമടങ്ങുന്ന കുടുംബമായിരുന്നു ജോണിന്റേത്. മാതാപിതാക്കളും രണ്ടു സഹോദരങ്ങളുമടങ്ങുന്ന കുടുംബമായിരുന്നു ജോണിന്റേത്. രോഗിണിയായിരുന്ന അമ്മ താൻ നോവിഷ്യേറ്റിൽ പ്രവേശിച്ച് അധികം വൈകാതെ മരണമടഞ്ഞു. ഇതിനിടയിൽ ജയിംസ് എന്ന സഹോദരൻ ഈശോസഭയിലും അഡ്രിയാൻ എന്ന സഹോദരൻ അഗസ്റ്റിനിയൻ സഭയിലും ചേർന്നു. അമ്മയുടെ മരണശേഷം പിതാവ് പുരോഹിതനാകാൻ പഠിക്കുകയും 1618 ഏപ്രിൽ 1 ന് വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. എന്നാൽ എട്ടുമാസം കഴിഞ്ഞപ്പോഴേയ്ക്കും അദ്ദേഹം മരിച്ചു. |
| 10 | ജോൺ തത്വശാസ്ത്രപഠനം നടത്തിയത് എവിടെവച്ച് | റോമിൽ വച്ച് |
| 11 | ദൈവവിരോധികൾ ഉത്സാഹിച്ചു പണിയെടുക്കുമ്പോൾ സഭയുടെ മക്കൾ അലസരായി കഴിയരുതെന്ന് പറഞ്ഞ വിശുദ്ധൻ. | വിശുദ്ധ ജോൺ ബർക്കുമൻസ് |
| 12 | കുരിശുരൂപവും ജപമാലയും നിയമപുസ്തകവും മാറോട് ചേർത്തുപിടിച്ചുകൊണ്ട് ജാൺ ബർക്കുമൻസ് പറഞ്ഞതെന്ത് | ഇവ മൂന്നുമാണ് എന്റെ നിധികൾ. ഇവ കയ്യിൽപിടിച്ച് മരിക്കാൻ ഞാനിഷ്ടപ്പെടുന്നു. |
| 13 | വിശുദ്ധ ജോൺ ബർക്കുമൻസ് ദിവ്യനാഥന്റെ പക്കലേക്ക് പോയതെന്ന് (മരണമടഞ്ഞ ദിവസം) | 1621 ആഗസ്റ്റ് 13–ാം തീയതി (22 –ാം വയസ്സിൽ) |
| 14 | വിശുദ്ധ ജോൺ ബർക്കുമൻസിന്റെ തിരുനാൾ ദിനം | ആഗസ്റ്റ് 13 |
| 15 | അൾത്താരബാലന്മാരുടെ മധ്യസ്ഥനായി ആദരിക്കപ്പെടുന്ന വിശുദ്ധൻ | വിശുദ്ധ ജോൺ ബർക്കുമൻസ് |
| 16 | വിശുദ്ധ ജോൺ ബർക്കുമൻസിന്റെ പുണ്യവചനം | ചെറിയൊരു നിയമം പോലും മനഃപൂർവ്വം ലംഘിക്കുന്നതിനേക്കാൾ മരിക്കാൻ ഞാനിഷ്ടപ്പെടുന്നു. |
| 17 | വിശുദ്ധ ജോൺ ബർക്കുമൻസിന്റെ സന്ദേശം | വലിയ കാര്യങ്ങൾ ചെയ്യുന്നതിലല്ല. അനുസരണം ആവശ്യപ്പെടുന്നതെന്തും ഭംഗിയായി ചെയ്യുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്. |